**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 6525 — 09/07/2014 ൽ മറുപടിയ്ക്ക്

**മാലിന്യങ്ങളിൽ നിന്ന് വൈദ്യുതി**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ. സി. രവീന്ദ്രനാഥ്** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |
| (എ) കേരളത്തിൽ ഏതെങ്കിലും നഗരങ്ങളിൽ മാലിന്യങ്ങളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; | (എ) പദ്ധതിയുണ്ട്. |
| (ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) തിരുവനന്തപുരത്ത് ചാലയിലും, എറണാകുളത്ത് ബ്രഹ്മപുരത്തും പ്ലാന്റുകൾ സ്ഥാപിക്കാനാണ് ശുചിത്വ മിഷൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്ത് ചാലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് KSIDC-യെയും ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്ക് കൊച്ചി കോർപ്പറേഷനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ പി.പി.പി. അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. ടി പ്ലാന്റുകൾ പരിസ്ഥിതിക്കിണങ്ങിയതും ദുർഗന്ധരഹിതവും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതുമായിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ